"ഭരണഭാഷ മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ ആയ ശ്രീ.കെ.ജെ ടോമി നിയമനത്തിനായി കാത്തുനിന്ന കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.1873/2021/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി:30/09/2021**

പരാമർശം: 1. സ.ഉ.(സാധാ)നം.682/2021/തസ്വഭവ തീയതി 09.03.2021

2. ഗ്രാമവികസന കമ്മീഷണറുടെ 22.04.2021 തീയതിയിലെ 157/എസ്റ്റാ.എ 1/സിആർഡി/2021 നമ്പർ കത്ത്.

**ഉത്തരവ്**

ഗ്രാമവികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ ആയ ശ്രീ.കെ ജെ ടോമി, ജലനിധിയുടെ കേരള റൂറൽ വാട്ടർ സപ്ലൈ ആൻഡ് സാനിറ്റേഷൻ ഏജൻസിയുടെ പ്രൊജക്ട് ഡയറക്ടർ തസ്തികയിലെ അന്യത്രസേവനം അവസാനിപ്പിച്ച് 23.01.2021ൽ തിരികെ മാതൃവകുപ്പിൽ റിപ്പോർട്ട് ചെയ്യുകയുണ്ടായി. പരാമർശം (1)പ്രകാരം ടിയാളെ ബാലുശ്ശേരി ഭക്ഷ്യസംസ്കരണ പോഷാകാഹാര പരിപാലന കേന്ദ്രത്തിൽ ഡയറക്ടറായി നിയമിച്ചിരുന്നു. ടിയാൾ നിയമനത്തിനായി കാത്തു നിന്ന കാലയളവായ 23.01.2021 മുതൽ 16.03.2021 വരെയുള്ള ദിവസങ്ങൾ ഡ്യൂട്ടിയായി ക്രമീകരിച്ച നൽകണമെന്ന് പരാമർശം (2)പ്രകാരം ഗ്രാമവികസന കമ്മീഷണർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, ഗ്രാമ വികസന വകുപ്പിലെ ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണറായ ശ്രീ.കെ.ജെ ടോമിയ്ക്ക് നിയമനത്തിനായി കാത്തുനിന്ന 23.01.2021 മുതൽ 16.03.2021 വരെയുള്ള കാലയളവ്, കെ.എസ്.ആർ. ഭാഗം 1-ലെ ചട്ടം 12(7)ന് ചുവടെയുള്ള കുറിപ്പ് 4 പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പ്രീത.കെ.എസ്.
ജോയിന്റ് സെക്രട്ടറി

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
ശ്രീ.കെ.ജെ ടോമി, ഡെപ്യൂട്ടി ഡെവലപ്മെന്റ് കമ്മീഷണർ, ഗ്രാമവികസന വകുപ്പ് (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരളം, തിരുവനന്തപുരം/തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ